# Deepika

## 12 August 2018

## Thiruvananthapuram, Flood, Farmer’s Day

### ആഘോഷം ഒഴിവാക്കി കർഷക ദിനാചരണം

**തിരുവനന്തപുരം:** പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും നാശനഷ്ടം വിതച്ച സാഹചര്യത്തിൽ ആർഭാടങ്ങളും ആഘോഷങ്ങളും ഒഴിവാക്കി കർഷകദിനാചരണ ചടങ്ങുകൾ നടത്താൻ കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ നിർദേശിച്ചു.

ഇന്നു മുതൽ 16 വരെ മലപ്പുറത്തു നടത്താനിരുന്ന സംസ്ഥാന കർഷകദിനാഘോഷ പരിപാടികളും വെട്ടിച്ചുരുക്കി. 12 മുതൽ 15 വരെയുള്ള കലാപരിപാടി ഉപേക്ഷിച്ച് 16ന് കർഷക അവാർഡ്ദാനച്ചടങ്ങു മാത്രമാക്കി നടത്തും. ഘോഷയാത്ര, കർഷക റാലി എല്ലാം റദ്ദാക്കും. ചിങ്ങം ഒന്നിന് കൃഷി ഭവനുകളിലെ ആചരണങ്ങളും ചുരുക്കണം. വെള്ളപ്പൊക്കം നിമിത്തം കർഷകദിനാചരണം നടത്താൻ കഴിയാത്ത പഞ്ചായത്തുകളിൽ അവാർഡ്ദാനചടങ്ങ് തൊട്ടടുത്ത ദിവസങ്ങളിൽ ലളിതമായി നടത്തണം. സംസ്ഥാനതല അവാർഡ് ദാനചടങ്ങ് 16ന് മലപ്പുറത്ത് എടപ്പാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും.